**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2627** **13-12-2022 - ൽ മറുപടിയ്ക്ക്**

**ശമ്പള പരിഷ്കരണം-പഴയ ശമ്പള സ്കെയിലിൽ ഓപ്ഷൻ നൽകാനുള്ള അവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 25.03.2006 -ന് നിലവിൽ വന്ന 2004-ലെ ശമ്പള പരിഷ്കരണ ഉത്തരവ് നം.ജി.ഒ.(പി)145/2006/ഫിൻ. ഉത്തരവിലെ അനക്ഷർ - 2 ലെ പാര 7(2) പ്രകാരം 25/03/2006 നുൻപ് നിലവിൽ വന്ന പ്രൊമോഷൻ തസ്തികയിലേക്ക് 25/03/2006 നും ഓപ്ഷൻ നൽകാനുള്ള അവസാന തീയതിക്കുമുള്ളിൽ പ്രൊമോഷൻ ലഭിച്ച ക്ലാസ് 3, ക്ലാസ് 4 ജീവനക്കാർക്ക് പഴയ ശമ്പള സ്കെയിലിൽ ഓപ്ഷൻ നൽകാനുള്ള അവകാശം നിഷേധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 25.03.2006 ലെ സ. ഉ. (പി) 145/2006/ധന നമ്പർ സർക്കാർ ഉത്തരവിലെ അനക്സർ 2 ഖണ്ഡിക 7 (2) പ്രകാരം 01.07.2004 നും 25.03.2006 നുമിടയിൽ റെഗുലർ/ റേഷ്യോ/ സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷൻ ലഭിച്ച ജീവനക്കാർക്ക് പ്രൊമോഷൻ തസ്തികയുടെ ശമ്പള സ്കെയിലിൽ ശമ്പള പരിഷ്കരണ ഓപ്ഷൻ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 25.03.2006ന് മുൻപ് നിലവിൽ വന്ന പ്രൊമോഷൻ തസ്തികയിലേയ്ക്ക് 25.03.2006 നും ഓപ്ഷൻ നല്കാനുള്ള അവസാന തീയതിക്കും ഉള്ളിൽ പ്രൊമോഷൻ ലഭിച്ച ക്ലാസ് 3 ക്ലാസ് 4 ജീവനക്കാർക്ക് ഓപ്ഷൻ അനുവദിക്കുന്നത് സംബന്ധിച്ച് സേവന-വേതന വിവരങ്ങളുടേയും ബന്ധപെട്ട വിശേഷാൽ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് മാത്രമേ മറുപടി നൽകാനാകൂ. |
| (ബി) | കെ.എസ്.ആർ. ചട്ടം 23 (സി) പ്രകാരം മുൻകാല പ്രാബല്യത്തിൽ പ്രൊമോഷൻ ലഭിച്ച ക്ലാസ് 3 , ക്ലാസ് 4 ജീവനക്കാർക്ക് ആഫീസ് നടപടിക്രമങ്ങളിലെ കാലതാമസം മൂലം പ്രൊമോഷൻ വൈകിയതിനാൽ അവർക്ക് ലഭിക്കേണ്ട സേവന-വേതന നീതി സർവ്വീസിൽ നിഷേധിക്കപ്പെടുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മേൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജീവനക്കാർക്ക് അനുകൂലമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ